**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 162** **07-10-2024 - ൽ മറുപടിയ്ക്ക്**

**അയിരൂർപ്പാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ അയിരൂർപ്പാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാന ക്രൈംബ്രാഞ്ചിനു കൈമാറിയ (ക്രൈം നം. 257/CB/EKM/R/2021) അയിരൂർ ആമിന അബ്ദുൾഖാദർ കൊലപാതക കേസിലെ കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന് സംശയിച്ചിരുന്ന ഒരാൾ മരണപ്പെട്ടു. സംശയിക്കുന്ന മറ്റ് രണ്ട് വ്യക്തികളുടെ പോളിഗ്രാഫ് പരിശോധനാ റിപ്പോർട്ടിൽ നിന്നും കേസിലേക്ക് ഉപകാരപ്രദമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ഇവരുടെ Narco Analysis നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഈ കേസിലെ കൃത്യത്തെക്കുറിച്ച് അറിവുള്ളതായി സംശയിക്കുന്നയാളിന്റെ സഹോദരിയുടെ പോളിഗ്രാഫ് ടെസ്റ്റിനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ടിയാൾ അന്വേഷണവുമായി സഹകരിച്ചില്ല. അതിനാൽ പോളിഗ്രാഫ് നടത്താൻ സാധിച്ചില്ല. കേസിലെ പ്രതികളെ കണ്ടെത്തുന്നതിനും നഷ്ടപ്പെട്ട മുതലുകൾ കണ്ടെത്തുന്നതിനും സംസ്ഥാന ക്രൈംബ്രാഞ്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത കൊലപാതക കേസിന്റെ തുടർനടപടികൾ വേഗത്തിൽ ആക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാന ക്രൈംബ്രാഞ്ചിനു കൈമാറിയ (ക്രൈം നം. 257/CB/EKM/R/2021) അയിരൂർ ആമിന അബ്ദുൾഖാദർ കൊലപാതക കേസിലെ കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന് സംശയിച്ചിരുന്ന ഒരാൾ മരണപ്പെട്ടു. സംശയിക്കുന്ന മറ്റ് രണ്ട് വ്യക്തികളുടെ പോളിഗ്രാഫ് പരിശോധനാ റിപ്പോർട്ടിൽ നിന്നും കേസിലേക്ക് ഉപകാരപ്രദമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ഇവരുടെ Narco Analysis നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഈ കേസിലെ കൃത്യത്തെക്കുറിച്ച് അറിവുള്ളതായി സംശയിക്കുന്നയാളിന്റെ സഹോദരിയുടെ പോളിഗ്രാഫ് ടെസ്റ്റിനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ടിയാൾ അന്വേഷണവുമായി സഹകരിച്ചില്ല. അതിനാൽ പോളിഗ്രാഫ് നടത്താൻ സാധിച്ചില്ല. കേസിലെ |

| | | | |
|---|---|---|---|
| | | | പ്രതികളെ കണ്ടെത്തുന്നതിനും നഷ്ടപ്പെട്ട മുതലുകൾ കണ്ടെത്തുന്നതിനും സംസ്ഥാന ക്രൈംബ്രാഞ്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ